# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3640. 25.06.2013 ൽ മറുപടിയ്ക്ക്.

<u>മോട്ടോർ വാഹന വകുപ്പിൽ ഇ - പെയ്മെന്റ് സംവിധാനം</u>

| ചോദ്യം<br>ശ്രീ. സി.പി. മുഹമ്മദ്<br>" എ.പി. അബ്ദുള്ളക്കുട്ടി<br>" എം.പി. വിൻസെന്റ്<br>" വി.പി. സജീന്ദ്രൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിൽ ഇ -പെയ്മെന്റ് സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | മോട്ടോർ വാഹന വകുപ്പിൽ 10.06.2013 മുതൽ ഇ-പെയ്മെന്റ് സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;<br><br>(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; | (ബി)<br>&<br>(സി) | ഇ -പെയ്മെന്റ് വഴി വിവിധ സേവനങ്ങൾക്കുള്ള ഫീസ്, പുതിയതായി രജിസ്റ്റർ ചെയ്യുന്ന നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി, റോഡ് സുരക്ഷാ സെസ്സ് എന്നിവ ഓഫീസിൽ വരാതെ ബാങ്ക് അക്കൗണ്ട് വഴി അടയ്ക്കാവുന്നതാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ക്യൂവിൽ നിന്ന് പണം അടയ്ക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാവുന്നതാണ്. വകുപ്പിലെ ജീവനക്കാർക്ക് ഡി.ഡി., ചെക്ക് എന്നിവ കൈകാര്യം ചെയ്യുന്നതിലുള്ള ബുദ്ധിമുട്ട് ഒഴിവാകുകയും ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുകയും അതുവഴി കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ സംവിധാനം ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉപഭോക്താക്കൾക്ക് മാത്രമേ ലഭ്യമായിട്ടുള്ളൂ. ഉടൻ മറ്റ് ബാങ്കുകളുടെ ഉപഭോക്താക്കാൾക്കും ഈ സേവനം ലഭ്യമാക്കുന്നതാണ്. |
| (ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ഡി) | ടി സംവിധാനം നടപ്പാക്കുന്നത് ഇലക്ട്രോണിക് മാധ്യമം വഴിയായതിനാൽ ഭരണതലത്തിൽ പ്രത്യേക സംവിധാനമൊന്നും ഏർപ്പെടുത്തേണ്ട ആവശ്യമില്ല. |

| | | |
|---|---|---|
| (ഇ) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഇ) | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകളും, സർക്കാർ ഏജൻസികളായ കേരള സ്റ്റേറ്റ്, ഐ.ടി.മിഷൻ, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) എന്നിവരുമാണ് ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.